(ബി) എത്ര വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും എൻട്രൻസ് കമ്മിഷണർ മെരിറ്റ് സീറ്റിൽ പ്രവേശനം നൽകിയത്;

(സി) എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലുമായി ഓരോ വർഷവും നടത്തപ്പെട്ട എം.ബി.ബി.എസ്. സീറ്റുകളിലേക്കുള്ള പ്രവേശനം എത്രയാണ്; അതിൽ ഏതെല്ലാം കോളേജുകളിൽ എത്ര വീതം സീറ്റുകളിൽ എൻട്രൻസ് കമ്മിഷണർ പ്രവേശനം നടത്തി;

(ഡി) 50:50 എന്ന തത്വം പാലിച്ചുകൊണ്ട് കഴിഞ്ഞ 5 വർഷവും 50% സീറ്റിൽ എൻട്രൻസ് കമ്മീഷണർ പ്രവേശനം നടത്തിയത് ഏതെല്ലാം സ്വകാര്യ കോളേജുകളിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.*

(സി&ഡി) അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

പുതിയ മെഡിക്കൽ കോളേജുകൾ

127 (816) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര മെഡിക്കൽ കോളേജുകളാണ് ആരംഭിക്കാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ആകെ എത്ര തുക നീക്കി വച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനകം എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചെന്നും ഓരോ മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകയിൽ ഇതിനകം എത്രതുക ചെലവഴിച്ചെന്ന് വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു.

(ബി) പുതിയ മെഡിക്കൽ കോളേജുകളുടെ രൂപീകരണത്തിനായി നാളിതുവരെ 1,64,97,00,000 രൂപ (നൂറ്റി അറുപത്തിനാല് കോടി തൊണ്ണൂറ്റേഴ് ലക്ഷം രൂപ മാത്രം) നീക്കിവച്ചിട്ടുണ്ട്.

(സി) ഇതിനോടകം മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) 110,25,55,819 രൂപ (നൂറ്റിപ്പത്ത് കോടി ഇരുപത്തഞ്ചുലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി പത്തൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

128 (817) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് ; ഓരോ പ്രവൃത്തിയുടെ പേരും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികൾ, തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ ?